പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1004** **14-10-2026-ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ ഫിഷ് മാർക്കറ്റ് നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കോട്ടക്കൽ നഗരസഭയിൽ ആധുനിക രീതിയിലുള്ള ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വികരിച്ച നടപടികളുടെ വിശാദംശം ലഭ്യമാക്കുമോ;

**മറുപടി:** കോട്ടക്കൽ നഗരസഭയിൽ ആധുനിക രീതിയിലുള്ള ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ടി പദ്ധതിയുടെ DPR ഫിഷറീസ് ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ 22/08/2026-ലെ സ്റ്റേറ്റ് ലെവൽ അപ്രൂവൽ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയിൽ പരിഗണിക്കുകയും, അനുമതി നൽകുകയും ചെയ്തു. തുടർന്ന് കേന്ദ്ര പ്രൊജക്റ്റ് അപ്രൈസൽ കമ്മിറ്റി (PAC) യുടെ അംഗീകാരം ലഭിക്കുന്നതിനായി പ്രൊജക്റ്റ് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

**(ബി)** പ്രൊപ്പോസൽ നിലവിൽ ഏതു ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ; ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഈ പ്രവൃത്തി പി.എം.എം.എസ്.വൈ.യിൽ ഉൾപ്പെടുത്തുന്നതിനായി സ്റ്റേറ്റ് ലെവൽ അപ്രൂവൽ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയുടെ (എസ്.എൽ.എ.എം.സി.) അംഗീകാരം ലഭ്യമായിട്ടുണ്ടോ; എങ്കിൽ, പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**